ഖാലിദ് മൂസാ നദ്‌വി

# ഹദീസിലെ ജീവിതദർശനം

**പാതിരാവുകളിൽ അല്ലാഹുവുമായി പ്രാർഥനാനിരതമായ ആത്മീയ ബന്ധത്തിലായിരുന്നെങ്കിൽ, പകലിൽ ജനങ്ങൾക്കിടയിലായിരുന്നു പ്രവാചകന്റെ ജീവിതം. 'ഇതെന്ത് റസൂലാണ്? ഭക്ഷണവും കഴിച്ച് അങ്ങാടിയിൽ കറങ്ങിനടക്കുന്ന ഒരാൾ ദൈവദൂതനോ?' എന്നൊക്കെ ജനം ചോദിക്കാൻ തുടങ്ങി. നബിയുടെ നിലപാട് ദൃഢമായി. ജനങ്ങളുമായി കലരുകയും ജനമൊരുക്കുന്ന പ്രയാസങ്ങൾ സഹിക്കുകയും ചെയ്യുന്ന വിശ്വാസി ജനങ്ങളുമായി ഇടപഴകാതെ ജനമൊരുക്കുന്ന പ്രയാസം അനുഭവിക്കാതെ ഒതുങ്ങിക്കഴിയുന്ന ഭക്തവിശ്വാസിയേക്കാൾ ഉത്തമൻ തന്നെയാണ്. ഈ പ്രഖ്യാപനത്തിന്റെ സാക്ഷാത്കാരം തന്നെയായിരുന്നു നബിയുടെ ജീവിതം.**

**മുഹമ്മദ്** നബി(സ)യുടെ സ്വഭാവമെന്തെന്ന് പ്രിയപത്നി ആഇശയോട് ചോദിച്ചപ്പോൾ 'അദ്ദേഹത്തിന്റെ സ്വഭാവം ഖുർആനാണെന്ന്' മറുപടി നൽകുകയുണ്ടായി. ഖുർആന്റെ ജീവിത കാഴ്ചപ്പാട് നബിയുടെ ജീവിതത്തിലൂടെ പ്രതിഫലിക്കുകയാണ് ചെയ്തിട്ടുള്ളത്. നബിയുടെ വാക്കും പ്രവൃത്തിയുമാണ് ഹദീസ്. ഹദീസിന്റെ ജീവിതദർശനം ഖുർആന്റെ ജീവിതദർശനം തന്നെയാണ്. നബിയിലൂടെ, നബിയുടെ വാക്കിലൂടെ, പ്രവൃത്തിയിലൂടെ ഖുർആൻ പ്രകാശിതമായി എന്ന് ചുരുക്കം.

നിങ്ങൾ ദൈവത്തെപ്പറ്റി പറയുന്നതിനു പകരം മനുഷ്യരെ കുറിച്ച് പറയൂവെന്ന് ചിലർ പുരോഗമനം ചമഞ്ഞ് ഉപദേശിക്കാറുണ്ട് നമ്മെ. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം അറിയാത്തവരാണ് അവർ. ദൈവികദർശനത്തിന്റെ ജനകീയതയാണ് ഹദീസിലൂടെ ഇതൾവിരിയുന്നത്.

ഹിറാഗുഹയിൽനിന്ന് ദിവ്യസന്ദേശം സ്വീകരിച്ച് ഖദീജയുടെ സന്നിധിയിൽ എത്തിയ പ്രവാചകനോട് അവർ ഇങ്ങനെ പറഞ്ഞു: 'താങ്കളെ ജനം തള്ളിക്കളയുകയില്ല. താങ്കൾ ഭാരം വഹിക്കുന്നവരുടെ ഭാരം പേറുകയും ആവശ്യക്കാരെ സഹായിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്ന ആളാകുന്നു.' നബിയുടെ ആദ്യനാളുകളിലെ ജീവിതത്തിൽ പ്രാധാന്യം നേടിയ ജനകീയതയെയാണ് ഈ സാക്ഷ്യപത്രം അടയാളപ്പെടുത്തുന്നത്.

നബിയുടെ ജീവിതസന്ദേശത്തിൽ വളരെ പ്രധാനപ്പെട്ടതാണ് 'ഹൽഫുൽ ഫുദൂൽ.' വിശിഷ്ട സഖ്യം എന്നാണ് ആ വാക്കിന്റെ അർഥം. നബിയുടെ ജനകീയ വ്യക്തിത്വമാണ് ആ സഖ്യത്തിലുള്ള അദ്ദേഹത്തിന്റെ പങ്കാളിത്തം തെളിയിക്കുന്നത്. മക്കയിൽ വ്യാപാരാവശ്യാർഥം വരുന്നവർ വഞ്ചിക്കപ്പെടരുത്. ചൂഷണം ചെയ്യപ്പെടുന്നവർ ആരായാലും സഖ്യാംഗങ്ങൾ അദ്ദേഹത്തോടൊപ്പം ഒറ്റക്കെട്ടായി നിൽക്കണം, ആരുടെയും അവകാശം ഒറ്റക്കെട്ടായി നിന്ന് വാങ്ങിച്ചുകൊടുക്കണം എന്നിവയൊക്കെയായിരുന്നു സഖ്യത്തിലെ ഉപാധികൾ. പിൽക്കാലത്ത് അത്തരം സഖ്യങ്ങളുടെ മഹത്വം അദ്ദേഹം എടുത്തു പറഞ്ഞിട്ടുണ്ട്.

ദൈവത്തെപ്പറ്റി പറയുന്നത് ഏതൊരു ദൈവവിശ്വാസിയെയും മനുഷ്യരുമായി ഏറെ അടുപ്പിക്കും. മനുഷ്യരിൽ പ്രയാസപ്പെടുന്നവരുടെ പക്ഷംചേരൽ ദൈവപക്ഷം തന്നെയാണ്. ഈ യാഥാർഥ്യം ഗ്രഹിക്കുന്നതിൽ ഭൗതിക ചിന്തമാത്രമല്ല, പരമ്പരാഗത മത ചിന്തയും തോറ്റു പോകുന്നുണ്ട്.

ഒരു ഭീകരയുദ്ധം സൃഷ്ടിക്കാൻ കരുത്തുണ്ടായിരുന്ന മത-ഗോത്ര-വൈകാരിക പ്രശ്നത്തെ മുഹമ്മദ് നബി(സ) ഏറെ സന്തുലിതമായി പരി

ഹരിക്കുകയുണ്ടായി. മതകീയവും വംശീയവുമായ വൈകാരിക ആഢ്യത്വത്തെ അങ്ങേയറ്റം നിസ്സാരവത്കരിച്ച ആ നബി(സ) യുടെ മാധ്യസ്ഥ്യം ചരിത്രത്തിലെ ചേതോഹരമായ അധ്യായ മാണ്.

വിഷയം കഅ്ബയിലെ കറുത്തശിലയുമായി ബന്ധപ്പെ ട്ടതാണ്. കഅ്ബാ പുനർനിർമാണത്തെ തുടർന്ന് കല്ലിന്റെ പുനഃസ്ഥാപനത്തെക്കുറിച്ച് തർക്കം ഉടലെടുത്തു. പുനഃസ്ഥാ പനാവകാശം ഉയർത്തി രൂപപ്പെട്ട ഗോത്രമാത്സര്യം യുദ്ധ ത്തിന്റെ വക്കോളമെത്തി. അതിനിടെ ഒരു നല്ല മനുഷ്യൻ ഇട പെട്ടു: 'ഇന്ന് നമുക്ക് പിരിഞ്ഞ് പോവാം. നാളെ കഅ്ബയിൽ ആദ്യമെത്തുന്ന ആൾ ആരാണോ അദ്ദേഹത്തിന്റെ നിർദേശ പ്രകാരം നമുക്ക് പ്രശ്നം തീർക്കാം." ഇത് എല്ലാവർക്കും സ്വീകാര്യമായി. 'ആദ്യം എത്തുന്ന ആൾ' എന്ന മൂല്യവത്തായ ഉപാധി വംശീയ മേധാവിത്വത്തിന് ശമനൗഷധമായി. ആ തീരു മാനത്തിന് മുമ്പിൽ എല്ലാ ആഢ്യന്മാരും വഴങ്ങി.

പിറ്റേന്ന് ആദ്യം കഅ്ബയിൽ എത്തിയത് എന്തുകൊണ്ടും യോഗ്യനായ ഒരു വലിയ മനുഷ്യനായിരുന്നു. പ്രായത്തിലും ആകാരത്തിലും പാരമ്പര്യത്തിലും ഏറെ ചെറു തായ ഒരു വലിയ മനുഷ്യൻ. വന്നയാൾ മുഹമ്മദ് തന്നെ. ഗോത്ര-വംശീയ വൈകാരികതകളെ തീർത്തും അസ്ഥാനത്താ ക്കി അദ്ദേഹം പ്രശ്നം പരിഹരിച്ചു. ഒരു വലിയ വിരിപ്പ് കൊ ണ്ടുവരികയും ഹജറുൽ അസ്‌വദ് സ്വന്തംകൈകൊണ്ട് എടുത്ത് ആ വിരിപ്പിന്റെ മധ്യത്തിൽ വെക്കുകയും ഓരോ ഗോത്രത്തി ലെയും ഒരാൾവീതം വിരിപ്പിന്റെ തുഞ്ചത്ത് പിടിച്ചുകൊള്ളട്ടെ യെന്ന് ഉത്തരവിടുകയും ചെയ്തു. കല്ല് വെക്കേണ്ട സ്ഥാനത്തെത്തിയപ്പോൾ എല്ലാവരോടും പിടിവിടാൻ പറഞ്ഞു. മുഹമ്മദ്(സ) ആ കല്ലെടുത്ത് യഥാസ്ഥാനത്ത് വെച്ചു. ദുശ്ശാ ഠ്യങ്ങളെ വകഞ്ഞുമാറ്റി മനുഷ്യഹൃദയങ്ങളെ ഇണക്കിച്ചേർക്കാ നുള്ള വല്ലാത്തൊരു സർഗാത്മകതയാണ് അദ്ദേഹം ഇവിടെ പ്രകാശിപ്പിച്ചത്.

പാതിരാവുകളിൽ അല്ലാഹുവുമായി പ്രാർഥനാനിരത മായ ആത്മീയബന്ധത്തിലായിരുന്നെങ്കിൽ, പകലിൽ ജന ങ്ങൾക്കിടയിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. 'ഇതെന്ത് റസൂലാണ്? ഭക്ഷണവും കഴിച്ച് അങ്ങാടിയിൽ കറങ്ങിനട ക്കുന്ന ഒരാൾ ദൈവദൂതനോ?' എന്നൊക്കെ ജനം ചോദിക്കാൻ തുടങ്ങി. നബിയുടെ നിലപാട് ദൃഢമായി. ജനങ്ങളുമായി കല രുകയും ജനമൊരുക്കുന്ന പ്രയാസങ്ങൾ സഹിക്കുകയും ചെയ്യുന്ന വിശ്വാസി ജനങ്ങളുമായി ഇടപഴകാതെ ജനമൊരു ക്കുന്ന പ്രയാസം അനുഭവിക്കാതെ ഒതുങ്ങിക്കഴിയുന്ന ഭക്ത വിശ്വാസിയേക്കാൾ ഉത്തമൻ തന്നെയാണ്. ഈ പ്രഖ്യാപന ത്തിന്റെ സാക്ഷാത്കാരം തന്നെയായിരുന്നു നബിയുടെ ജീവി തം. ഒരുനാൾ നബി അങ്ങാടിയിലൂടെ നടക്കുകയായിരുന്നു. ഭാരം വഹിക്കുന്ന ഒരു വൃദ്ധയെ കാണാനിടയായി. ഭാരം നബി ഏറ്റുവാങ്ങുകയും വീട്ടിൽ എത്തിച്ചുകൊടുക്കുകയും ചെയ്തു. കൂലികൊടുത്തെങ്കിലും നബിയത് സ്വീകരിച്ചില്ല. ഒരുപദേശം സ്വീകരിക്കുമോ എന്നായി വൃദ്ധയുടെ അന്വേഷണം. ഉപദേ ശിച്ചുകൊള്ളൂ എന്ന് നബിയുടെ പ്രതികരണം. വൃദ്ധ ഉപദേശം ആരംഭിച്ചു: 'ഇവിടെ മുഹമ്മദ് എന്ന മനുഷ്യനുണ്ട്. അയാൾ നമ്മുടെ ദൈവങ്ങളെ തള്ളിപ്പറയുന്നു. ജനങ്ങളെ ഭിന്നിപ്പിക്കു ന്നു. ആ മനുഷ്യന്റെ വലയിൽപ്പെടാതെ സൂക്ഷിക്കണം.' അതു കേട്ട നബിപറഞ്ഞു: 'ആ മനുഷ്യൻ ഞാൻ തന്നെ.' ഉടൻ വൃദ്ധ ഇസ്‌ലാം സ്വീകരിച്ചു. മനുഷ്യർക്കിടയിൽ മനുഷ്യനായി ജീവിച്ച് മനുഷ്യഹൃദയങ്ങളെ കീഴടക്കാനുള്ള അപാരശേഷി യാണ് മുഹമ്മദിന്റെ വാക്കിലും പ്രവൃത്തിയിലും തെളിയുന്ന ത്.

ജൂതന്മാർ നബിയുടെ എക്കാലത്തെയും ശത്രുക്കളായി രുന്നു. ഇസ്‌ലാമിനോടുള്ള ജൂതന്മാരുടെ കുടിപ്പക സർവാം ഗീകൃതമായിരുന്നു. പക്ഷേ, കടുത്ത ജൂതഹൃദയങ്ങളെപ്പോലും കീഴടക്കാൻ നബിയുടെ വാക്കിനും പ്രവൃത്തിക്കും സാധിച്ചി ട്ടുണ്ട്. നബി മദീനയിൽ വസിക്കുന്ന കാലം. ഒരു ജൂതപെൺകുട്ടി നബിയെ സ്ഥിരമായി ശല്യപ്പെടുത്തികൊണ്ടി രുന്നു. വഴിയിൽ മുള്ളുവിതറുക, നബിയുടെ ദേഹത്തേക്ക് നീട്ടി ത്തുപ്പുക, കല്ലെറിയുക ഇതൊക്കെയായിരുന്നു അവളുടെ വിനോദങ്ങൾ. പതിവായി കാണുന്ന ആ പെൺകുട്ടിയെ ഒരു നാൾ കാണാതായപ്പോൾ 'നമ്മുടെ ആ സഹോദരിക്കെന്ത്പറ്റി' എന്ന് നബി അന്വേഷിച്ചു. രോഗിയാണെന്നായിരുന്നു മറുപ ടി. ഉടനെ നബി അവളുടെ വീട് അന്വേഷിച്ച് ചെല്ലുകയും രോഗശാന്തിക്കായി പ്രാർഥിക്കുകയും ചെയ്തു. ആ പെൺകു ട്ടിയും തദവസരം ഇസ്‌ലാം സ്വീകരിച്ചു. ശത്രുഹൃദയ ങ്ങളെപ്പോലും കീഴടക്കുന്ന ആ മനോഹൃദയം എന്തുമാത്രം മനോജ്ഞമല്ല!

**നബിയുടെ പ്രബോധനത്തിൽ സർവപ്രധാനമായി കാണുന്ന സന്ദേശം മനുഷ്യ സമൂഹ ത്തിന്റെ ഐക്യമാണ്. നബിയുടെ അറഫാപ്രഭാഷണമാണ് മാനവിക ഐക്യത്തെക്കുറി ക്കുന്ന സമഗ്രമായ പ്രതിപാദനം. ഏറ്റവും പുതിയ ലോകഘടന പോലും വെളുത്തവന്റെ വർണ മേധാവിത്വത്തിന് വഴങ്ങിക്കഴിഞ്ഞിരിക്കെ, 'കറുത്തവനും വെളുത്തവനുമിടയിൽ വിവേചനം പാടില്ലെന്ന്' പ്രവാചക പ്രഖ്യാപനം പുതിയൊരു രാഷ്ട്രീയ ക്രമത്തിന് പ്രേരണയായി വളർത്തിക്കേണ്ടതാണ്.**

ജീവിതത്തിലും മരണത്തിലും മനുഷ്യനെ ആദരിക്കാൻ മുഹമ്മദ് നബി പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യന്റെ ആദരവ് ഉയർത്തി പ്പിടിച്ച ഖുർആനിക വാക്യങ്ങളെ സൗന്ദര്യതികവോടെ ആവി ഷ്കരിക്കുകയായിരുന്നു പ്രവാചകൻ വാക്കിലൂടെയും പ്രവൃ ത്തിയിലൂടെയും.

തുറന്നസ്ഥലത്തിരിക്കുക, സഖാക്കളോടൊത്ത് സംസാ രിച്ചിരിക്കുക, നിലവാരമുള്ള വിനോദ പരിപാടികൾ കണ്ടിരി ക്കുക തുടങ്ങിയവ നബിയുടെ ജനകീയ വ്യായാമ മുറകളിൽ പെട്ടതായിരുന്നു. അങ്ങനെയിരിക്കെ ഒരുനാൾ മൃതശരീരവും വഹിച്ചുകൊണ്ടൊരുസംഘം നബിയുടെയും അനുചരന്മാരു ടെയും അടുത്തുകൂടെ കടന്നുപോയി. നബി എഴുന്നേറ്റുനി

ന്നു. കൂടെ അനുചരന്മാരും. മൃതദേഹം കടന്നുപോയപ്പോൾ ആരോ ചോദിച്ചു: 'അത് ജൂതന്റെ മൃതശരീരമല്ലേ?' നബിയുടെ മറുപടി: 'അത് മനുഷ്യന്റെ മൃതശരീരമാണ്'. മൃതശരീരം കൊണ്ട് മത-ജാതി വിലപേശൽ നടത്തുന്ന ഈ കരാളയുഗത്തിൽ, പ്രസ്തുത നബിവാക്യം മാനവികതയിൽ ഊന്നുന്ന ജീവിതദർശനത്തിനാണ് അടിവരയിടുന്നത്.

മനുഷ്യബന്ധങ്ങൾ പരിപാലിക്കുന്നതിലൂടെ അല്ലാഹുവുമായി അടുത്തിടപഴകാനാണ് നബി പഠിപ്പിച്ചത്. പരലോക വിചാരണയുടെ ഒരു സന്ദർഭം നബി ഇപ്രകാരം വിശദീകരിച്ചിട്ടുണ്ട്: "ഒടുവുനാളിൽ അല്ലാഹു പറയും; 'മനുഷ്യാ ഞാൻ രോഗിയായി. നീ എന്നെ സന്ദർശിച്ചില്ലല്ലോ?' അപ്പോൾ മനുഷ്യൻ ചോദിക്കുകയായി: 'അല്ലാഹുവേ! നീ ലോകനാഥനല്ലോ? ഞാനെങ്ങനെ നിന്നെ സന്ദർശിക്കും?' അപ്പോൾ അല്ലാഹു ചോദിക്കും: 'എന്റെ അടിമ രോഗിയായത് നീ അറിഞ്ഞിരുന്നില്ലേ? നീ അവനെ സന്ദർശിച്ചില്ല. നീ അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ അവിടെ എന്നെ കാണാമെന്ന് നിനക്കറിയാമായിരുന്നില്ലേ?' 'മനുഷ്യാ ഞാൻ നിന്നോട് ഭക്ഷണം ചോദിച്ചു. നീ തന്നില്ല? മനുഷ്യൻ: 'നാഥാ നീ ലോകനാഥനല്ലോ! ഞാനെങ്ങനെ നിനക്ക് ഭക്ഷണം നൽകും? അല്ലാഹു: 'എന്റെ അടിമ നിന്നോട് ഭക്ഷണം ചോദിച്ചത് നീ അറിഞ്ഞിരുന്നില്ലേ? നീ അവന് ഭക്ഷണം നൽകിയില്ല. അവന് ഭക്ഷണം നൽകിയിരുന്നുവെങ്കിൽ നിനക്കത് എന്റെ അടുത്തു കിട്ടുമെന്ന് നിനക്കറിയാമായിരുന്നില്ലേ?' 'മനുഷ്യാ! ഞാൻ നിന്നോട് കുടിക്കാൻ വെള്ളം ചോദിച്ചു. നീ തന്നില്ല.' മനുഷ്യൻ: 'നാഥാ, നീ ലോകനാഥനല്ലോ. ഞാൻ നിനക്കെങ്ങനെ വെള്ളം തരും?' അല്ലാഹു: 'എന്റെ അടിമ നിന്നോട് കുടിക്കാൻ വെള്ളം ചോദിച്ചു. നീ കൊടുത്തില്ല. അവന് വെള്ളം നൽകിയിരുന്നുവെങ്കിൽ നിനക്കതു എന്റെയടുത്ത് കിട്ടുമെന്ന് നിനക്ക് അറിയാമായിരുന്നില്ലേ?' (മുസ്‌ലിം). മറ്റൊരവസരത്തിൽ നബി ഇപ്രകാരം പ്രഖ്യാപനം ചെയ്തു: 'മനുഷ്യൻ തന്റെ സഹോദരനെ സഹായിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അല്ലാഹു അവനെയും സഹായിച്ചുകൊണ്ടിരിക്കും' (മുസ്‌ലിം)

ആത്മീയതയെ കുറിക്കുന്ന പരമ്പരാഗത ധാരണകൾ ഈ നബിവചനങ്ങളിൽ തട്ടിത്തകരുന്നതായാണ് നാം കാണുന്നത്. അപരന്റെ മൗലികാവകാശങ്ങളുടെ പൂർത്തീകരണത്തിൽ തന്റെ ആത്മീയ ഔന്നത്യം ദർശിക്കാനാണ് നബി ഇവിടെ പഠിപ്പിക്കുന്നത്. ഏറ്റവും അടിത്തട്ടിലുള്ള മനുഷ്യനുമായുള്ള ഹൃദയ ഐക്യം അല്ലാഹുവുമായുള്ള ആത്മീയ ഐക്യമായി വളരുന്നതായി ഹദീസ് വെളിപ്പെടുത്തുന്നു. അല്ലാഹുവിനെ പ്രീതിപ്പെടുത്തലും മനുഷ്യനെ സേവിക്കലും ഒരേ നാണയത്തിന്റെ ഇരുപുറമായി വികസിക്കുന്ന മനോഹരമായ ജീവിതാവിഷ്കാരമാണ് പരാമൃഷ്ട ഹദീസുകളിൽ ഉള്ളത്.

സത്യവിശ്വാസത്തെയും സൽക്കർമങ്ങളെയും തഖ്‌വയെയും കേവലാനുഷ്ഠാനങ്ങളിൽ മുഹമ്മദ് നബി പരിമിതപ്പെടുത്തിയില്ല. സത്യവിശ്വാസത്തിന്റെ എഴുപതിൽപരം ശാഖകളിലേക്ക് മുഹമ്മദ് നബി വിരൽചൂണ്ടിയപ്പോൾ വഴിയിലെ മാലിന്യങ്ങൾ നീക്കൽ അതിലൊന്നായി പഠിപ്പിച്ചിരിക്കുന്നു. ഉപേക്ഷിക്കപ്പെടേണ്ട ദുഷ്കർമങ്ങളിൽ വഴിയിലും പുഴയിലും പുഴയോരങ്ങളിലും കെട്ടിനിൽക്കുന്ന ജലാശയങ്ങളിലും ഫലം കായ്ക്കുന്ന മരച്ചുവട്ടിലും മലമൂത്രവിസർജനം നടത്തലും മറ്റു രീതിയിൽ മലിനപ്പെടുത്തലും ഉൾപ്പെടുത്തിയിരിക്കുന്നു. മാലിന്യം ഏറ്റവും വലിയ നാഗരിക പ്രശ്നമായിമാറിയിരിക്കുന്ന വ്യവസായിക യുഗത്തിൽ ഏറെ പരിഗണിക്കപ്പെടേണ്ടവയാണ് പ്രസ്തുത പ്രവാചക പാഠങ്ങൾ. ജല മലിനീകരണത്തിനും പരിസര മലിനീകരണത്തിനുമെതിരായ സമരത്തിൽ മതത്തിനെന്ത് പങ്ക് എന്ന സംശയം മതക്കാർക്കിടയിൽപോലും ഇന്നുണ്ട്. ജലത്തിൽ മൂത്രമൊഴിക്കൽ നിഷിദ്ധമാക്കിയ നബി വിഷം കലർത്തുന്നത് ഹലാലാക്കുമെന്നാണോ ഈ സംശയാലുക്കൾ വിചാരിക്കുന്നതെന്നറിയാൻ തീർച്ചയായും ഒരു ഹദീസ്‌വിദ്യാർഥിക്ക് താൽപര്യമുണ്ട്.

പ്രകൃതിയുടെയും പരിസ്ഥിതിയുടെയും വിശുദ്ധി ഉയർത്തിപ്പിടിച്ച റസൂൽ ജലത്തിന്റെ മിതവിനിയോഗം ഊന്നിപ്പറയുകയുണ്ടായി. നബിയുടെ അടുത്ത സഖാക്കളിൽ ഒരാൾ അംഗശുദ്ധിവരുത്തുമ്പോൾ വെള്ളം അമിതമായി ഉപയോഗിച്ചതിനെ രൂക്ഷമായി വിമർശിച്ചു. അപ്പോൾ അനുചരന്റെ മറുചോദ്യം: 'ജലവിനിയോഗത്തിലും അമിതത്വമോ?' എന്നായിരുന്നു. പ്രവാചകന്റെ മറുപടി: 'കൂലം കുത്തിയൊഴുകുന്ന പുഴക്കരയിലാണെങ്കിലും അമിതത്വം അരുത്' എന്നായിരുന്നു. ജലവിനിയോഗത്തിലും പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തിലും ധൂർത്ത് അലങ്കാരമാക്കിയ നാഗരികതയോട് കലഹിക്കുവാൻ ഒരു വിശ്വാസിക്ക് ഈ ഹദീസ് പ്രേരണയായേ തീരൂ! അൽപം വെള്ളമെടുത്ത് വുളൂഅ് ചെയ്യുകയും ജലധൂർത്തിന്റെ ഭീകരകേന്ദ്രങ്ങളായ വാട്ടർ തീം പാർക്കുകളിലേക്ക് ടിക്കറ്റെടുക്കുകയും ചെയ്യുന്നവർ ഹദീസിന്റെ ആത്മാവറിയാത്ത അനുഷ്ഠാന മതക്കാരാണെന്ന് പറയാതെ നിർവാഹമില്ല.

**ഹൃദയശൂന്യമായ ആധുനിക ലോകത്തിന്റെ ഹൃദയതാളമാണ് പ്രവാചകവചനങ്ങൾ. ഊഷരമായ ആധുനികതയുടെ മരുപ്പറമ്പിലെ നീരുറവകളാണ് പ്രവാചകവചനങ്ങൾ. സ്നേഹവും കാരുണ്യവും തേടി ഈ മരുപ്പറമ്പിലൂടെ വരണ്ട തൊണ്ടയുമായി അലയുന്ന മനുഷ്യമക്കൾക്ക് സംസം തീർഥമാണ് പ്രവാചക വചനങ്ങൾ.**

നെൽപാടങ്ങളും ഗോതമ്പുവയലുകളും പച്ചപിടിച്ച ഭൂപ്രദേശങ്ങളും ചുട്ടെരിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന യുദ്ധഭീകരതയുടെ ഈ കാലഘട്ടത്തിൽ, പ്രവാചകന്റെ യുദ്ധപാഠങ്ങളിൽ പോലും പരിസ്ഥിതിസ്നേഹം ഇടം കണ്ടെത്തിയത് നമ്മെ ആലോചിപ്പിക്കേണ്ടതാണ്. 'മരം മുറിക്കരുത്' എന്ന് പ്രവാചകന്റെ യുദ്ധനിർദേശങ്ങളിൽ കാണാം. ലോകാവസാനത്തിൽ, അന്തിമകാഹളം ഊതുന്ന ശബ്ദം കേട്ടുകഴിഞ്ഞാലും കൈയിലുള്ള തൈച്ചെടി വലിച്ചെറിയുകയല്ല നട്ടുപിടിപ്പിക്കുകയാണ് വേണ്ടതെന്ന നബിയുടെ നിർദേശം ഏറെ ശ്രദ്ധേയമാണ്. 'മരം നടീലിൽ തൗഹീദുണ്ടോ?' എന്ന് ചോദിച്ച് കലമ്പാൻ വരുന്നവർ ഹദീസിന്റെ അക്ഷരങ്ങൾ അറിയുകയും ആത്മാവ് അറിയാതിരിക്കുകയും ചെയ്യുന്ന സാധുക്കളാണ്.

ഭൗതികാസക്തിയാണ് ഇന്ന് മനുഷ്യസമൂഹത്തിന്റെയും പ്രപഞ്ചത്തിന്റെയും താളം തെറ്റിച്ചിരിക്കുന്നത്. ആസക്തികൾക്കെതിരായ ഉജ്ജ്വല പാഠങ്ങൾ ഹദീസുകളിൽ ധാരാളം ഉണ്ട്. നബി ഒരിക്കൽ പറഞ്ഞു: 'ഭൗതികാസക്തി കൈവെടിയുക നിന്നെ ദൈവം സ്നേഹിക്കും. ജനങ്ങളുടെ കൈയിലു

ള്ളത് കൊതിക്കാതിരിക്കുക. ജനം നിന്നെ സ്നേഹിക്കും' (ഇബ്നുമാജ). പ്രപഞ്ചത്തിലുള്ളതും മറ്റുള്ളവരുടെ കൈയിലുള്ളതും കൊതിക്കുന്ന പ്രവണത കലഹമായും കൈയേറ്റമായും യുദ്ധമായും മാറുന്ന നാഗരികതയെ ഈ ആത്മീയ ദർശനത്തിലൂടെ മാത്രമേ നമുക്ക് തിരുത്താൻ കഴിയൂ. ഐശ്വര്യത്തെക്കുറിച്ച പ്രവാചകപാഠം ആയിരം നാക്കുകൾ കൊണ്ട് വ്യാഖ്യാനിച്ചാലും പതിനായിരം പേജുകൾ നിറച്ചെഴുതിയാലും അധികമാവാത്തത്ര ഉജ്ജ്വലമാണ്. സമ്പദ് കൂമ്പാരങ്ങൾക്ക് കാവലിരിക്കുന്നവർപോലും ഐശ്വര്യവും സമാധാനവും അനുഭവിക്കാതെ മാർബിൾ കൊട്ടാരങ്ങളിൽ കൂട്ട ആത്മഹത്യ ചെയ്യേണ്ടിവരുന്ന ഭൗതിക നാഗരികതയുടെ ഈ ഭീകരാവസ്ഥയിൽ പ്രവാചക പാഠങ്ങൾ സാന്ത്വന ഗീതമായി ആലപിക്കപ്പെടേണ്ടവയാണ്. റസൂലിന്റെ ആ ലഘുവചനം ഇങ്ങനെ മൊഴിമാറ്റം ചെയ്യാം: 'ഐശ്വര്യം വിഭവങ്ങളുടെ ആധിക്യമല്ല, ആത്മാവിന്റെ സംതൃപ്തിയാണ്.' (ബുഖാരി, മുസ്‌ലിം)

പട്ടിണിയും പരാധീനതകളുമുണ്ടെങ്കിലും ചിരിച്ചും കളിച്ചും ദാനം ചെയ്തും സാമൂഹിക പ്രയത്നങ്ങളിൽ ഇടപഴകിയും ആരാധിച്ചും പ്രാർഥിച്ചും സേവനപ്രവർത്തനങ്ങളിൽ മുഴുകിയും ജീവിക്കുന്ന മനഃസംതൃപ്തർ ഏറെയുണ്ട് നമുക്കിടയിൽ. എന്നാൽ സമ്പത്ത് ധാരാളമുണ്ടായിട്ടും വിശ്രമമില്ലാതെ ടെൻഷനടിച്ച് ജീവിതം തള്ളിനീക്കുന്ന മറ്റൊരു പറ്റവുമുണ്ട്. അവർ ഇഹലോകത്തെ പൂജിക്കുന്നവരാണ്. നബി അവരെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ഒരാളുടെ മുഖ്യലക്ഷ്യം ഭൗതികതയായി മാറിയാൽ അല്ലാഹുവിൽനിന്ന് അവനൊന്നും ലഭ്യമാവുകയില്ല. അല്ലാഹു അവന്റെ ഹൃദയത്തിൽ നാലുകാര്യങ്ങൾ നിറക്കും. അനന്തമായ ആധി-വേവലാതികൾ, ഒരിക്കലും തീരാത്ത ജോലിത്തിരക്കുകൾ, ഒരുനാളും പൂർത്തീകരിക്കപ്പെടാത്ത സാമ്പത്തിക പരാധീനതകൾ, അറ്റമില്ലാത്ത ആഗ്രഹങ്ങൾ.'

നബിയുടെ പ്രബോധനത്തിൽ സർവപ്രധാനമായി കാണുന്ന സന്ദേശം മനുഷ്യ സമൂഹത്തിന്റെ ഐക്യമാണ്. നബിയുടെ അറഫാപ്രഭാഷണമാണ് മാനവിക ഐക്യത്തെക്കുറിക്കുന്ന സമഗ്രമായ പ്രതിപാദനം. ഏറ്റവും പുതിയ ലോകഘടന പോലും വെളുത്തവന്റെ വർണ മേധാവിത്വത്തിന് വഴങ്ങിക്കഴിഞ്ഞിരിക്കെ, 'കറുത്തവനും വെളുത്തവനുമിടയിൽ വിവേചനം പാടില്ലെന്ന' പ്രവാചക പ്രഖ്യാപനം പുതിയൊരു രാഷ്ട്രീയ ക്രമത്തിന് പ്രേരണയായി വളർത്തിക്കേണ്ടതാണ്. ഇംഗ്ലീഷ് ഭാഷക്ക് മനംമടുപ്പിക്കുന്ന അപ്രമാദിത്വം കൽപിക്കപ്പെട്ടിരിക്കുന്ന ഏക ഭാഷാധിപത്യ ലോകത്ത്, അറബികളുടെ മുഖത്ത് നോക്കി ഭാഷാ മേധാവിത്വത്തിന്റെ നട്ടെല്ലൊടിക്കുന്ന പ്രഖ്യാപനം നടത്തിയ അറഫാ പ്രഭാഷണം പുതിയ പ്രചോദനങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അധികാരത്തെ വെളുപ്പിന്റെയും ബ്രാഹ്മണ്യത്തിന്റെയും കുത്തകയായി കരുതുന്ന കപട ജനാധിപത്യ യുഗത്തിൽ, ഉണങ്ങിയ കറുത്ത മുന്തിരിപോലെ തൊലി ചുരുണ്ടുപോയ അബ്സീനിയൻ അടിമ നിങ്ങളുടെ അധികാരിയായി വന്നാലും അനുസരിക്കണമെന്ന പ്രവാചക പ്രഖ്യാപനം, മാനവിക മഹത്വത്തിന്റെ ആയിരം പൂക്കൾ വിടർത്താൻ പര്യാപ്തമാണ്. സ്ത്രീ കേവലം ഭോഗവസ്തുവും പരസ്യമോഡലുമായി മാത്രം പരിഗണിക്കപ്പെടുന്ന ഭ്രാന്തമായ ആനന്ദത്തിന്റെ ഭൗതിക ലോകത്ത്, സ്വർഗം മാതാക്കളുടെ കാലടിപ്പാടുകൾക്കടിയിലാണെന്ന പ്രവാചകസൂക്തം പെണ്ണിനെ മണ്ണിൽനിന്ന് വിണ്ണിലേക്കുയർത്താൻ പര്യാപ്തമാണ്. പെൺകുട്ടികളെ പോറ്റിവളർത്തുന്നവർക്ക് പ്രവാചകൻ വാഗ്ദാനം ചെയ്ത മഹത്തായ പദവികൾ, വയറ്റിലുള്ളത് പെണ്ണാണെന്നറിഞ്ഞാൽ കൊന്നുകളയുന്ന ഭ്രൂണഹത്യാ ക്രൂരതയിൽനിന്ന് ഹൃദയമുള്ളവരെ തടയാൻ പര്യാപ്തമാണ്.

ഹൃദയശൂന്യമായ ആധുനിക ലോകത്തിന്റെ ഹൃദയതാളമാണ് പ്രവാചകവചനങ്ങൾ. ഊഷരമായ ആധുനികതയുടെ മരുപ്പറമ്പിലെ നീരുറവകളാണ് പ്രവാചകവചനങ്ങൾ. സ്നേഹവും കാരുണ്യവും തേടി ഈ മരുപ്പറമ്പിലൂടെ വരണ്ട തൊണ്ടയുമായി അലയുന്ന മനുഷ്യമക്കൾക്ക് സംസം തീർഥമാണ് പ്രവാചകവചനങ്ങൾ. ■